(സി) ആശ്രിത നിയമനം സംബന്ധിച്ച് കേരള സഹകരണ ചട്ടം 188 എ പ്രകാരം നിശ്ചിത പ്രൊഫോർമയിലുള്ള അപേക്ഷകൾ ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് കൺസ്യൂമർ ഫെഡറേഷന് ലഭിച്ച 9 അപേക്ഷകൾ സഹകരണസംഘം രജിസ്ട്രാർക്ക് ക്ലാരിഫിക്കേഷനായി നൽകിയിട്ടുണ്ട്.

(ഡി) ഇത് സംബന്ധിച്ച് ഒരു തർക്കവും നിലവിലില്ല.

സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ വായ്പാ കുടിശ്ശിക

132(1412) ശ്രീ. എ. സി. മൊയ്തീൻ:

ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വായ്പാ സഹകരണസംഘങ്ങളുടെ വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സംസ്ഥാന സഹകരണബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രൈമറി വായ്പാ സംഘങ്ങൾ ഇവയ്ക്ക് ഓരോന്നിനും മൊത്തം എത്ര കോടി രൂപയുടെ വായ്പാ കുടിശ്ശികയുണ്ട്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) കുടിശ്ശിക വായ്പകൾ ടേക്ക് ഓവർ ചെയ്യുവാൻ ഉദ്ദേശമുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, കാർഷിക കടാശ്വാസ പദ്ധതി എന്നിവയിലൂടെ സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങളുടെ വായ്പാ കുടിശ്ശിക് കുറയ്ക്കുന്നതിനായി സാധിച്ചിട്ടുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം സംസ്ഥാനത്തെ 3431 സഹകരണ സംഘങ്ങൾ/ബാങ്കുകളിലായി 31-3-2005 വരെ 1488.33 കോടി രൂപ പിരിച്ചെടുക്കുകയുണ്ടായി.

കർഷകരുടെ കടബാദ്ധ്യത ലഘൂകരിക്കുന്നതിനായി 50,000 രൂപ വരെയുള്ള കാർഷിക വായ്പകളുടെ 29-12-2001 മുതൽ 6 മാസത്തേയും 23-1-2004 മുതൽ ഒരു വർഷത്തെയും വയനാട് ജില്ലയിലെ കാർഷിക വായ്പകളിൽ 50,000 രൂപാ വരെയുള്ള തുകയ്ക്ക് 1-4-2001 മുതൽ 31-3-2006 വരെയും ഉള്ള പലിശ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കുകയുണ്ടായി. സംസ്ഥാനത്തെ എല്ലാ വായ്പാ സഹകരണ സംഘങ്ങളിൽ നിന്നുമെടുത്ത വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പ്രോത്സാഹനം നൽകുന്നതിലേക്കായി ഒരു ശതമാനം (1%) പലിശയിളവ് നൽകുന്നതിന് അതാതു സംഘങ്ങൾക്ക് അനുവാദം നൽകിയിട്ടുള്ളത് സഹകരണ സംഘങ്ങളുടെ വായ്പാ കുടിശ്ശിക കുറയ്ക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. കൂടാതെ 25,000 രൂപ വരെയുള്ള കാർഷിക വായ്പകൾക്ക് 8.5% പലിശയും 25,000 രൂപയ്ക്ക് മുകളിലുള്ള കാർഷിക വായ്പകൾക്ക് 9% പലിശയും ആയി നിരക്ക് കുറച്ച് നിർദ്ദേശം പുറപ്പെടുവിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 31-3-2005 വരെയുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

1. സംസ്ഥാന സഹകരണ ബാങ്ക് - 210.10 കോടി രൂപ
2. ജില്ലാ സഹകരണ ബാങ്കുകൾ - 766.63 കോടി രൂപ
3. പ്രൈമറി വായ്പാ സംഘങ്ങൾ - 3044.96 കോടി രൂപ

(സി) ഉദ്ദേശമില്ല.

LIBRARY ARCHIVES Kerala Legislative Assembly

സഹകരണ ബാങ്കിൽ നിന്നും വിദ്യാഭ്യാസ വായ്പ

133(1413) ശ്രീ. കെ. സുധാകരൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി സഹകരണ നഴ്സിംഗ് സ്ഥാപനത്തിൽ അഡ്മിഷൻ ലഭിച്ച ഏതെല്ലാം കുട്ടികൾക്ക് ഫീസടക്കുന്നതിന് കാലാവധി ദീർഘിപ്പിച്ചുകൊടുത്തു; എങ്കിൽ എത്ര ദിവസത്തേക്ക് ദീർഘിപ്പിച്ചുകൊടുത്തു;

(ബി) പ്രസ്തുത കുട്ടികൾക്ക് ഫീസ് കൊടുക്കുവാൻ വിദ്യാഭ്യാസ വായ്പക്കു വേണ്ടി അവരും രക്ഷകർത്താക്കളും വനിതാ സഹകരണ ബാങ്കിനെ സമീപിച്ചുവോ; എങ്കിൽ പ്രസ്തുത ബാങ്ക് വായ്പയനുവദിച്ചുവോ; ഇല്ലെങ്കിൽ എന്തു കൊണ്ട്;

(സി) വിദ്യാഭ്യാസ വായ്പ ലഭിക്കാതിരുന്ന പ്രസ്തുത സ്ഥാപനത്തിലെ വിദ്യാർത്ഥികളിലാരെങ്കിലും ആത്മഹത്യ ചെയ്തുവോ?

ഉത്തരം

(എ) ആവശ്യപ്പെട്ട 26 വിദ്യാർത്ഥികൾക്ക് ഫീസടയ്ക്കുന്നതിന് ഒരു മാസം വരെ കാലാവധി ദീർഘിപ്പിച്ചുകൊടുത്തിട്ടുണ്ട്.

(ബി) ഏത് വനിതാ സംഘമാണെന്ന് വ്യക്തമാക്കാത്തതുകൊണ്ട് ചോദ്യം പ്രസക്തമല്ല.

(സി) ഒരു കുട്ടി ആത്മഹത്യ ചെയ്തിട്ടുണ്ട്.